LIBRARY ARCHIVES Kerala Legislative Assembly

2) കോർപ്പസ് ഫണ്ട് : പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തികവർഷം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ പുതുക്കുളങ്ങര പട്ടികവർഗ്ഗ കോളനിയിലെ 8 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമി കല്ലുകെട്ടി സംരക്ഷിക്കുന്നതിനായി 5,50,000 രൂപ (അഞ്ചുലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

3) റ്റി.ആർ.ഡി.എം ഭവനനിർമ്മാണം: പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം 25 സെന്റ് ഭൂമി വാങ്ങി നൽകിയ 2 പട്ടികവർഗ്ഗക്കാർക്ക് 6,00,000 രൂപ വീതം ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. (പുരോഗതി വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു)*.

മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

66 (372) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

തൃശ്ശൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ

67(373) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

2 പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.